**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 344**

**27.09.2016 - ൽ മറുപടിക്ക്.**

## വ്യവസായ സൗഹാർദ്ദ അന്തരീക്ഷം

ചോദ്യം

സർവ്വശ്രീ. എം. വിൻസന്റ്,
എ.പി. അനിൽകുമാർ,
ഷാഫി പറമ്പിൽ,
വി.ടി. ബൽറാം.

മറുപടി

**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും വകുപ്പ് മന്ത്രി).**

(എ) സംസ്ഥാനത്ത് വ്യവസായ സൗഹാർദ്ദ അന്തരീക്ഷം ഒരുക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(എ) : സംസ്ഥാനത്ത് വ്യവസായ സൗഹാർദ്ദ അന്തരീക്ഷം ഒരുക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിരിക്കുന്നു :

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവത്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് എന്നിവയിലൂടെ സംരംഭകർക്ക് ബോധവത്കരണം നടത്തുന്നു. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നൽകുന്നതിനായി ഏകജാലക സംവിധാനം ഒരുക്കിയിട്ടുണ്ട്. ക്ലസ്റ്റർ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും സഹായം നൽകുന്നു. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യതയനുസരിച്ച് സംരംഭകർക്ക് വ്യവസായ ഭൂമി അനുവദിക്കുന്നുണ്ട്. സംരംഭകർക്ക് വായ്പ ആവശ്യമെങ്കിൽ അതതു ധനകാര്യ സ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.

സംസ്ഥാനത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് എമെർജിങ് കേരള, യുവ സംരംഭക സംഗമം (യെസ്), വനിത സംരംഭക സംഗമം (വീ-മിഷൻ) തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് തുടങ്ങിയവയും പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ വ്യാവസായികാന്തരീക്ഷം മെച്ചപ്പെടുത്തുവാൻ വേണ്ടി ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള Ease of Doing business സംരംഭം നടപ്പാക്കുന്നതിനുള്ള നോഡൽ എജൻസിയായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തി യിട്ടുണ്ട്. |
| (ബി) | അപേക്ഷ സമർപ്പിച്ച് ഒരു മാസത്തിനകം സാങ്കേതിക അനുമതി ലഭ്യമായില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കി വ്യവസായം തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) : | അപേക്ഷ ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളാത്ത അപേക്ഷകളിൽ ഡീംഡ് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. അപേക്ഷ സമർപ്പിച്ച് ഒരു മാസത്തിനകം സാങ്കേതിക അനുമതി ലഭ്യമായില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കി വ്യവസായം തുടങ്ങുവാനുള്ള നടപടി കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ നിലവിലുണ്ട്. |
| (സി) | വിവരങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പബ്ലിക് റിലേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (സി) : | ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | തുടരെ ഉണ്ടാകുന്ന ഹർത്താലുകളും പണിമുടക്കുകളും സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷത്തെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ഡി) : | തുടർച്ചയായി ഹർത്താലുകളും പണിമുടക്കുകളും ഉണ്ടാകുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലില്ല. |

സെക്ഷൻ ഓഫീസർ.